DESPATCHED
On...31/8/22.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 1335(3)/2020** *എസ്.ഐ.സി.*

## തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## (ഫയൽ നം.9469/*എസ്.ഐ.സി–ജി 1/2020*)

## സന്നിഹിതൻ

## എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**തീയതി : 29.08.2022**

ശ്രീ.ശ്രിനീജ് എസ്.,
കായക്കോട്ടുമ്മൽ (വീട്),
മങ്ങാട്, പുത്തൂർ (പോസ്റ്റ്),
ഓമശ്ശേരി, കോഴിക്കോട് – 673 582. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   വിദ്യാഭ്യാസ ഉപഡയറക്ടർ,
   വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
   കോഴിക്കോട്.
2. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
   താമരശ്ശേരി, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09/05/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/05/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 16/06/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/07/2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19/09/2020 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/09/2020 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ ഓമശ്ശേരി, പുത്തൂർ, മങ്ങാട്, കായക്കോട്ടുമ്മൽ വീട്ടിൽ ശ്രീ. ശ്രീനിജ് എസ്., ടിയാന്റെ അപേക്ഷയിൽ കുന്ദമംഗലം ഹയർ സെക്കന്ററി സ്കൂളിലെ യു.പി.എസ്.ടി ആയി ജോലി നോക്കുന്ന രജനി കെ.പി.

ശമ്പളം വാങ്ങുന്നതിന്റെ അടിസ്ഥാന രേഖയും ഇതേ തസ്തികയിൽ ജോലി നോക്കുന്ന ജ്യോതി പി., എം. സുബീഷ്മ എന്നവരുടെ തൊഴിൽ സംബന്ധമായ രേഖയും മറ്റുമാണ് ആവശ്യപ്പെട്ടത്. ആയതിന് എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചത്. കമ്മീഷൻ 20.08.2022 തീയതിയിൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിച്ചു.

2) അപ്പീൽ ഹർജിക്കാരനും അപ്പീൽ അധികാരിയും ഹിയറിംഗിൽ ഹാജരായി. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ വ്യക്തി വിവരം ഒഴികെയുള്ള (എസ്.പി.ഐ.ഒ യുടെ വിവേചനാധികാര പ്രകാരം മൂന്നാം കക്ഷിയുടെ വ്യക്തിവിവരം) രേഖകളുടെ പകർപ്പുകൾ അപേക്ഷകന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് അപ്പീൽ അധികാരിക്ക് നിർദ്ദേശം നൽകുന്നു. ലഭ്യമാക്കിയ രേഖകളുടെ പകർപ്പ്, റിപ്പോർട്ട് സഹിതം കമ്മീഷനിൽ ഹാജരാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

3) മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 29–ാം തീയതി) ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

*vkm*